**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 141** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്പോർട്സ് കൗൺസിലിന്റെ ഓഫീസുകളിലെ ക്രമക്കേടുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. പി. കെ. നവാസ്

ശ്രീമതി ഫാത്തിമ തഹിലിയ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഒ. ജെ. ജനീഷ്

(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** സ്പോർട്സ് കൗൺസിലിന്റെ ഓഫീസുകളിൽ വ്യാപകമായ ക്രമക്കേടുകളും അഴിമതിയും നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലും സംസ്ഥാനത്തെ 14 ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസുകളിലും വിവിധ സാധനങ്ങളുടെ പർച്ചേഴ്സ്-വിതരണ നടപടികൾ എന്നിവയിൽ നടക്കുന്ന ക്രമക്കേടുകൾ, ചാമ്പ്യൻഷിപ്പുകളിൽ അർഹതയില്ലാത്ത കായികതാരങ്ങളെ ഉൾപ്പെടുത്തൽ, മാർക്കിൽ കൃത്രിമം വരുത്തൽ, വ്യാജ മത്സരഫലങ്ങൾ തയ്യാറാക്കൽ, ജഡ്ജുമാരെയും നിരീക്ഷകരെയും സ്വാധിനിച്ച് അനർഹർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കൽ, മത്സരങ്ങളുടെ പേരിൽ അമിതമായ പ്രവേശന/രജിസ്ട്രേഷൻ ഫീസ് ഈടാക്കി കണക്കുകളും രസീതുകളും കൃത്യമായി സൂക്ഷിക്കാതിരിക്കൽ, സ്റ്റോക്കിൽ ക്രമക്കേടുകൾ വരുത്തൽ, ആവശ്യകതയില്ലാതെ സാധനങ്ങൾ വാങ്ങി സംഭരിക്കൽ, സ്പോർട്സ് ഉപകരണങ്ങൾ തിരിമറി നടത്തുകയോ അനധികൃതമായി മറിച്ച് വിൽപ്പന നടത്തുകയോ ചെയ്യൽ, കായിക അക്കാദമികൾ, ഹോസ്റ്റലുകൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ഭക്ഷണസാധനങ്ങൾ, മെസ് അലവൻസ്, പരിശീലന ഫണ്ട് എന്നിവയുടെ വിനിയോഗത്തിൽ ക്രമക്കേടുകളും ദുരുപയോഗവും നടത്തൽ, പ്രവർത്തിക്കാത്ത പരിശീലന കേന്ദ്രങ്ങളുടെ പേരിൽ ഫണ്ട് കൈപ്പറ്റൽ, സർക്കാർ പദ്ധതികൾക്കായി അനുവദിച്ച ഫണ്ട് മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി വിനിയോഗിക്കൽ, സ്റ്റേഡിയങ്ങളുടെ നടത്തിപ്പിലും വാടകയ്ക്ക് നൽകുന്നതിലുമുള്ള ക്രമവിരുദ്ധനടപടികൾ തുടങ്ങിയ അഴിമതികളും ക്രമക്കേടുകളും നടക്കുന്നതായി വിജിലൻസിന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആസ്ഥാനത്തും സംസ്ഥാനത്തെ 14 ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസുകളിലും **"ഓപ്പറേഷൻ കളിക്കളം"** എന്ന പേരിൽ 24.09.2026 തീയതിയിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാനതല മിന്നൽ പരിശോധന നടത്തിയിരുന്നു.

പ്രസ്തുത മിന്നൽ പരിശോധനയിൽ പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ (PYKKA) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭിച്ച തുക സമയബന്ധിതമായി മിക്ക ജില്ലാ സ്പോർട്സ് കൗൺസിലുകളും പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലായെന്നും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഭാഗത്ത് നിന്നും ഇതിൽ മേൽനോട്ട വീഴ്ച സംഭവിച്ചതായും, ജില്ലാ ചാമ്പ്യൻഷിപ്പുകളിൽ യോഗ്യത നേടാത്ത കായിക താരങ്ങളെ ക്രമവിരുദ്ധമായി സംസ്ഥാന ചാമ്പ്യൻഷിപ്പുകൾക്ക് അയച്ചതായും,

സ്പോർട്സ് കൗൺസിലുകൾക്ക് ലഭിച്ച വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി വാങ്ങിയ കായിക ഉപകരണങ്ങൾ വിതരണം ചെയ്യാതെയും കൃത്യമായി ഉപയോഗപ്പെടുത്താതെയും സ്റ്റോർ റൂമുകളിൽ സൂക്ഷിച്ചിരിക്കുന്നതായും, പല ജില്ലകളിലും വിവിധ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായിക താരങ്ങളുടെ രജിസ്ട്രേഷൻ ഫീസുകൾ കൃത്യമായി രസീത് നൽകി കൈപ്പറ്റാതെ ഉദ്യോഗസ്ഥർ യു.പി.ഐ. ട്രാൻസാക്ഷൻ മുഖേന തുക കൈപ്പറ്റിയതായും കണ്ടെത്തി. ഒട്ടുമിക്ക ജില്ലകളിലും ജില്ല സ്പോർട്സ് കൗൺസിലുകൾ നടപ്പാക്കുന്ന ഭൂരിഭാഗം പ്രോജക്ടുകളുടെയും കരാർ അനുവദിക്കുന്നതിലും സാധനങ്ങൾ വാങ്ങുന്നതിലും ടെണ്ടർ നടപടികളോ ക്വട്ടേഷൻ നടപടിക്രമങ്ങളോ കൃത്യമായി പാലിക്കുന്നില്ലായെന്നും, വൗച്ചർ എഴുതി പണം അനുവദിക്കുന്നതിൽ വൗച്ചറുകളിൽ തുകയല്ലാതെ മറ്റ് യാതൊരു രേഖപ്പെടുത്തലും നടത്താറില്ലായെന്നും, കൃത്യമായ ഇടവേളകളിൽ ചാമ്പ്യൻഷിപ്പുകൾ നടത്താതെയും ജനറൽ ബോഡികൾ ചേരാതെയും തിരഞ്ഞെടുപ്പുകൾ നടത്താതെയും പല അസോസിയേഷനുകളും കടലാസ് സംഘടനകളായി നിലനിൽക്കുന്നതായും പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്.

ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ നിയന്ത്രണത്തിലുള്ള ഇൻഡോർ സ്റ്റേഡിയങ്ങൾ വാടകയ്ക്ക് നൽകുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാറില്ലായെന്നും, പല ആളുകളിൽ നിന്നും പല തുകയാണ് വാടക ഇനത്തിൽ ഈടാക്കുന്നതെന്നും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. സ്പോർട്സ് കൗൺസിൽ കരാർ നൽകിയ പ്രോജക്ടുകളുടെ കരാറുകാരിൽ നിന്നും ഉദ്യോഗസ്ഥൻ യു.പി.ഐ. മുഖേന പണം കൈപ്പറ്റിയതും വിജിലൻസ് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഒട്ടുമിക്ക ഓഫീസുകളിലും പ്രാഥമികമായി സൂക്ഷിക്കേണ്ട ക്യാഷ് ബുക്ക്, പർച്ചേയ്സ് രജിസ്റ്റർ, പ്രോപ്പർട്ടി രജിസ്റ്റർ, ഡിസ്പോസ് രജിസ്റ്ററുകൾ എന്നിവ പോലും കൃത്യമായി പരിപാലിക്കുന്നില്ലായെന്നും, കരാർ സംബന്ധമായ രേഖകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നില്ലായെന്നും ചില ഓഫീസുകളിൽ കരാർ ഫയലുകൾ തന്നെ കാണാനില്ലായെന്നും വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്.

"ഓപ്പറേഷൻ കളിക്കളം" എന്ന പേരിൽ നടത്തിയ സംസ്ഥാനതല മിന്നൽ പരിശോധനയിൽ കണ്ടെത്തിയ അഴിമതികളിലും ക്രമക്കേടുകളിലും വിശദമായ തുടർപരിശോധന നടത്തിവരുന്നു.

**(ബി)** കേന്ദ്രസർക്കാരിന്റെ മുൻ കായിക വികസന പദ്ധതിയായ പൈക്ക വഴി ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** പരിശോധിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ മുൻ കായിക വികസന പദ്ധതിയായ പൈക്ക പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മലയാള മനോരമ പത്രത്തിൽവന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വിഷയത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. സ്പോർട്സ് കൗൺസിലിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പരിശോധിച്ചതിൽ ആയത് തൃപ്തികരമല്ലെന്ന് ബോധ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൈക്ക (PYKKA) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടും പൈക്ക പദ്ധതിയിലൂടെ ലഭിച്ച ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ചും ഉയർന്ന ആരോപണങ്ങളിന്മേൽ വിശദമായ പരിശോധനയ്ക്കായി ധനകാര്യ പരിശോധന വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വിംഗ്, കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ പരിശോധന നടത്തി വരികയാണ്.

"ഓപ്പറേഷൻ കളിക്കളം" എന്ന പേരിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ 24.09.2026 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ പൈക്ക പദ്ധതിയുമായി ബന്ധപ്പെട്ട തുക സമയബന്ധിതമായി പല ജില്ലാ കൗൺസിലുകളും പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലായെന്നും, വിനിയോഗിച്ച തുകയിൽ ക്രമക്കേടുകൾ നടന്നതായും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഭാഗത്ത് നിന്നും ഗുരുതരമായ മേൽനോട്ട വീഴ്ച സംഭവിച്ചതായും പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്.

**(സി)** സ്പോർട്സ് കൗൺസിൽ മുഖേന വാങ്ങിയ കായികോപകരണങ്ങൾ വിതരണം ചെയ്യാതെ കൂട്ടിയിട്ടിരിക്കുന്നതായി അന്വേഷണത്തിൽ മനസ്സിലായിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സ്പോർട്സ് കൗൺസിലിന്റെ ഗോഡൗണിൽ കായിക ഉപകരണങ്ങളും, ട്രാക്ക് സ്യൂട്ടുകളും കായിക താരങ്ങൾക്ക് നൽകാതെ നശിക്കുന്നു എന്ന 19.07.2026 - ൽ മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച വാർത്ത സംബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് സ്പോർട്സ് കൗൺസിലിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പരിശോധിച്ച് കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റ് പരിശീലകരുടേതിന് സമാനമായി ഏകീകരിക്കാനുള്ള സാധ്യത പരിശോധിക്കുന്നതിനും ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ട്രാക്ക് സ്യൂട്ട് ലഭിക്കാത്ത സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.

"ഓപ്പറേഷൻ കളിക്കളം" എന്ന പേരിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ 24.09.2026 -ൽ നടത്തിയ മിന്നൽ പരിശോധനയിൽ പല ജില്ലകളിലും സ്പോർട്സ് ഉപകരണങ്ങൾ പർച്ചേയ്സ് ചെയ്ത ശേഷം സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്താതിരിക്കുന്നതായും, കൃത്യമായി വിതരണം നടത്താതിരിക്കുന്നതായും വിതരണം നിർവ്വഹിക്കുന്ന ഘട്ടത്തിലും ശരിയായ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വരുത്തുന്നില്ലായെന്നും, ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതായും പ്രാഥമികമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദമായ തുടർപരിശോധന നടത്തിവരുന്നു.

**(ഡി)** സ്പോർട്സ് കൗൺസിലിന്റെ ഭരണം അഴിമതി മുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** കേരളത്തിലെ കായിക മേഖലയുടെ സമഗ്രവും സുസ്ഥിരവുമായ വികസനം ഉറപ്പാക്കുന്നതിനും, കായികതാരങ്ങളുടെ ക്ഷേമം സംരക്ഷിക്കുന്നതിനും, കായിക മേഖലയിലെ ഭരണനിർവ്വഹണം കൂടുതൽ കാര്യക്ഷമവും ഏകോപിതവുമാക്കുന്നതിനുമായി പുതിയ കായിക നിയമം കൊണ്ടുവരുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയത് പ്രകാരം സംസ്ഥാനത്തെ കായിക ഭരണനിർവ്വഹണത്തിന്റെയും വികസനത്തിന്റെയും ഭരണത്തിനും തന്ത്രപരമായ മാർഗ്ഗനിർദ്ദേശത്തിനും ഏകോപനത്തിനും മേൽനോട്ടത്തിനും ഉതകുന്ന അഴിമതി മുക്ത സംവിധാനം നിലവിൽ വരുത്താനുമാണ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**